Noon meals to students.

184.-[28] SHRI T. T. DANIEL: Will the Minister for Education be pleased to state:

(*a*) what is the total amount the Government has allotted for giving noon-meals to students in the whole State for the year 1954;

(*b*) out of this how much amount was spent in the taluqs of Thovala, Agastheeswaram, Kalkulam, Vilavancode and Nagercoil town; and

(*c*) how much amount was paid to St. Joseph's Convent High School, Nagercoil.

Answer

(*a*) 1953—54 1954—55
Rs 8,96,500 Rs. 10,17,000

(*b*) (For schools under the control of Inspector of Primary and Middle Schools).

1) Nagercoil.	38,119	28,98
2) Thuckalai.	49,515	21,377
3) Kuzhithurai.	34,238	9,500

(*c*) 451--2--4, 224--4--0

പാലോട് നിയോജകമണ്ഡലത്തിലുള്ള പ്രൈമറിസ്കൂളുകൾ

185. [30] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് നിയോജകമണ്ഡലത്തിലുള്ള പ്രൈമറിസ്കൂളുകൾ എത്ര;

(ബി) കൂടുതൽ സ്കൂളുകൾ സ്ഥാപിക്കണമെന്ന് കാണിച്ചുകൊണ്ട് ഗവണ്മെന്റിലേക്ക് പൊതുജനങ്ങളിൽ നിന്നു പരാതികൾ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു ചെയ്തു;

(ഡി) നെടുമങ്ങാട് താലൂക്കിലെ മറ്റു നിയോജകമണ്ഡലങ്ങളെ അപേക്ഷിച്ച് പാലോട് നിയോജകമണ്ഡലം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമാണെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത കുറവു പരിഹരിക്കുന്നതിനു ഗവണ്മെന്റ് എന്തു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 38.
(ബി) ഇല്ല.
(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെടുമങ്ങാട്ട് താലൂക്കിലെ മറ്റ് നിയോജകമണ്ഡലങ്ങളെക്കാൾ പാലോട് നിയോജകമണ്ഡലത്തിൽ പ്രൈമറിസ്കൂളുകൾ കുറവാണെന്നറിയാം.

(ഇ) പ്രൈവറ്റ് പ്രൈമറിസ്കൂളുകൾ തുടങ്ങുവാൻ നാട്ടുകാർ അപേക്ഷകൾ നിശ്ചിതസമയത്ത് സമർപ്പിക്കുകയും, ഡിപ്പാർട്ടുമെന്റ് സ്കൂളുകൾ തുടങ്ങുന്നതിനാണെങ്കിൽ അതിന് ആവശ്യമായ സ്ഥലവും കെട്ടിടവും ഡിപ്പാർട്ടുമെന്റ് നിർദ്ദേശപ്രകാരം ഉണ്ടാക്കിക്കൊടുക്കാമെന്ന് നാട്ടുകാർ ഉറപ്പുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ വരുന്ന സ്കൂൾവർഷം പുതിയ സ്കൂളുകൾ തുറക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളനിരക്ക്.

186. [33] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1949-ൽ കൊച്ചിയിലേയും തിരുവിതാംകൂറിലേയും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്ക് എന്തു;

(ബി) 1-1-51-ൽ ഈ നിരക്കിൽ എന്തു ഭേദപ്പെടുത്തി;

(സി) 1-1-55-ൽ ഈ നിരക്കെന്തു;

(ഡി) 15-6-1955-ൽ ഈ നിരക്കെന്തു?

ഉത്തരം

(എ) കൊച്ചി-30-1-40-2-50.
തിരുവിതാംകൂർ 25.

(ബി) ഒന്നും ഭേദപ്പെടുത്തിയിട്ടില്ല.

(സി) 30-1-40-2-50; 30-1-40-2-50.

(ഡി) 35-1-40-2-50-3-80; 35-1-40-2-50-3-80.

പമ്പിംഗ് സബ്സിഡി.

187. [34] ശ്രീ. എൻ. പരമേശ്വരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി താലൂക്കിലെ പഞ്ചക്കൃഷിക്കാർക്ക് 1129-ാമാണ്ടത്തെ പമ്പിംഗ് സബ്സിഡി കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) ചങ്ങനാശേരിതാലൂക്കിലെ കർഷകരുടെ സൗജന്യത്തിനുവേണ്ടിയുള്ള അപേക്ഷകൾ യഥാസമയം പഞ്ചക്കൃഷിസ്പെഷ്യൽ ഓഫീസിൽ ലഭിച്ചില്ല. തന്മൂലം അതിലേക്ക് ആവശ്യമായ തുക കണക്കിൽ ഉൾപ്പെടുത്താൻ കഴിഞ്ഞതില്ല. ചങ്ങനാശേരി കർഷകർക്ക് 1129-ൽ കിട്ടാനുള്ള സബ്സിഡി ഇക്കൊല്ലം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly